പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1777 | 04.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **അക്രമ സംഭവങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.പി.ബി.അബ്ദുൾ റസാക്**<br>**" എം.ഉമ്മർ**<br>**" കെ.മുഹമ്മദുണ്ണി ഹാജി**<br>**" അബ്ദുറഹിമാൻ രണ്ടത്താണി** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അക്രമ സംഭവങ്ങളിലും മറ്റ് അപകടങ്ങളിലുംപെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റ് ജോലി ചെയ്യാൻ കഴിയാത്തവർക്കും സാമ്പത്തിക സഹായം നല്കാൻ പദ്ധതി നിലവിലുണ്ടോ; | (എ) അക്രമസംഭവങ്ങളിലും മറ്റ് അപകടങ്ങളിലുംപെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പരിക്കേറ്റ് ജോലി ചെയ്യാൻ കഴിയാത്തവരുടെ കാര്യത്തിൽ അവർ ടി പരിക്ക് മൂലം 40% എങ്കിലും അംഗപരിമിതരായവരാണെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വികലാംഗ പെൻഷനും അനുവദിച്ചു വരുന്നുണ്ട്. |
| (ബി) അക്രമ സംഭവങ്ങളിൽ പ്രതിയായി നിയമനടപടികൾക്ക് വിധേയരാകുന്നവരുടെ കുടുംബത്തിന് ധനസഹായം നല്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ എങ്കിൽ വിശദമാക്കുമോ;<br>(സി) ഇല്ലെങ്കിൽ ഈ വിഭാഗങ്ങൾക്ക് വേണ്ടി ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) & (സി) അക്രമസംഭവങ്ങളിൽ പ്രതിയായി നിയമനടപടികൾക്ക് വിധേയരായി ശിക്ഷ ലഭിക്കുന്നവരിൽ രണ്ട് വർഷം വരെ തടവ് ശിക്ഷ ലഭിക്കുന്നവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും 5 വർഷത്തിൽ കൂടുതൽ തടവ് ശിക്ഷ ലഭിക്കുന്നവരുടെ ആശ്രിതർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായവും അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ